**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 77** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദുരിതം അനുഭവിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തി മൈക്രോ പ്ലാനിംഗിലൂടെ അവരുടെ സാമൂഹിക പുനരധിവാസവും സാമ്പത്തിക ശാക്തീകരണവും ഉറപ്പാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതു ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് “HOME” (Household Oriented Microplanning for Empowerment), ഇതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങളെയും രണ്ടാം ഘട്ടത്തിൽ ശേഷിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ ദുർബല വിഭാഗങ്ങളെയും മൂന്നാം ഘട്ടത്തിൽ മറ്റു പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വിവര ശേഖരണം നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. നിലവിൽ പട്ടികജാതിയിലെ അതിദുർബല വിഭാഗങ്ങളായിട്ടുള്ള അരുന്ധതിയാർ, ചക്ലിയൻ, നായാടി, കള്ളാടി, വേടൻ എന്നീ അഞ്ച് ഉപജാതി വിഭാഗങ്ങളുടെ സർവ്വേയ്ക്കും കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിനുമായി അനുമതി നൽകിയിട്ടുണ്ട്. ടി കുടുംബങ്ങളുടെ സാമൂഹ്യ പുനരധിവാസവും സാമ്പത്തിക ശാക്തീകരണവും ഉറപ്പാക്കി മുഖ്യധാരയിൽ എത്തിക്കുന്നതിന് നിലവിൽ പട്ടികജാതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ നിന്നും അനുയോജ്യമായ പദ്ധതികൾ തിരഞ്ഞെടുത്ത് നൽകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കൃഷിഭൂമി വാങ്ങുന്നതിനും, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ധനസഹായം അനുവദിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ദുർബല വിഭാഗങ്ങൾക്ക് കൃഷിഭൂമി വാങ്ങുന്നതിനായി |

| | | | |
|---|---|---|---|
| | | | 10 ലക്ഷം രൂപയും ഗ്രൂപ്പ് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 5 ലക്ഷം രൂപയും വ്യക്തിഗത സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 3 ലക്ഷം രൂപയും നൽകി സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര വികസനത്തിനും ക്ഷേമത്തിനും പൊതുജന പങ്കാളിത്തത്തോടെ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പട്ടിക വിഭാഗം കുടുംബങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമാക്കി ആവിഷ്കരിക്കുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം. ഓരോ പ്രദേശത്തും നിവസിക്കുന്ന കുടുംബങ്ങളെ ഒരു യൂണിറ്റായി കണ്ടു അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും നേരിൽ സന്ദർശിച്ച് മനസ്സിലാക്കുകയും അത് പരിഹരിക്കുന്നതിന് ജനപ്രതിനിധികളുടെ സഹായത്തോടെ ജനകീയ കൂട്ടായ്മകൾ രൂപീകരിക്കുകയും ഇവരുടെ കൂടി പങ്കാളിത്തത്തോടെ പദ്ധതികൾ തയ്യാറാക്കാനും നടപ്പിലാക്കാനുമുള്ള ഉദ്യമമാണ് കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം. കുട്ടികളിൽ വിദ്യാഭ്യാസ ഉന്നമനം സാദ്ധ്യമാകും വിധത്തിലുള്ള പഠന പിന്തുണ പദ്ധതികൾ, യുവാക്കൾക്കായി ഉയർന്ന ജോലികൾ പ്രാപ്തമാക്കുന്നതിനുള്ള കരിയർ ഗൈഡൻസ്, പരീക്ഷ പരിശീലനങ്ങൾ, തൊഴിൽ പരിശീലനങ്ങൾ, സംരംഭകത്വ പരിശീലനം എന്നിങ്ങനെ യുവജന വിദ്യാർത്ഥി കേന്ദ്രീകൃതമായ പദ്ധതികൾക്കൊപ്പം ജീവിത നൈപുണികൾ ആർജ്ജിക്കുന്നതിനും വിദ്യാർത്ഥികളിൽ നേതൃത്വശേഷി വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന സോഫ്റ്റ് സ്കിൽ പരിശീലന പദ്ധതികളും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.<br><br>ഓരോ പ്രദേശത്തെയും ജനപ്രതിനിധികൾക്കൊപ്പം തന്നെ അതാതു പ്രദേശത്തെ വിദ്യാസമ്പന്നരായ വ്യക്തികൾ, അദ്ധ്യാപകർ, സർക്കാർ, സർക്കാരിതര മേഖലയിൽ ജോലി ചെയ്യുന്നവർ, വിരമിച്ചവർ, എന്നിങ്ങനെ സന്നദ്ധ പ്രവർത്തനം നടത്താൻ കഴിയുന്ന വ്യക്തികളെ കോർത്തിണക്കി അവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ വരും തലമുറയെ പാകപ്പെടുത്തി പുതിയ ലോകക്രമത്തിനനുസൃതമായ കാഴ്ചപ്പാടുകൾ വളർത്തിയെടുക്കുന്നു. വകുപ്പിന്റെയും ഇതര സർക്കാർ സംവിധാനങ്ങളുടെയും പദ്ധതികളെയും ക്ഷേമ പ്രവർത്തനങ്ങളെയും കോർത്തിണക്കി ഒരു പ്രദേശത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സമഗ്രമായ കാഴ്ചപ്പാടും |

| | | | |
|---|---|---|---|
| | | | ലക്ഷ്യംവെയ്ക്കുന്നു. സേവ് ക്ലബ്ബുകൾ, കുടുംബശ്രീ സംവിധാനങ്ങൾ എന്നിവയെ ഉപയോഗപ്പെടുത്തി സാമൂഹ്യ മുന്നേറ്റവും ഇതിലൂടെ സാദ്ധ്യമാകുന്നു. ആദ്യഘട്ടത്തിൽ വകുപ്പ് നടത്തുന്ന ഡിജിറ്റൽ സർവ്വേ പ്രകാരമുള്ള വിവര ശേഖരണം, അതിലെ കണ്ടെത്തലുകൾ എന്നിവ ഉപയോഗപ്പെടുത്തുകയും വിവിധ വികസന സംവിധാനങ്ങളെയും സന്നദ്ധ സംഘടനകളുടെയും സേവനവും കോർത്തിണക്കുന്ന തരത്തിൽ, കർമ്മപദ്ധതി ആസൂത്രണം ചെയ്യുന്നു. ഓരോ പ്രദേശത്തെയും കുടുംബങ്ങളുടെയും വ്യക്തികളുടെയും പോസിറ്റീവായ വളർച്ചയ്ക്കും വികസനത്തിനും പങ്കാളിത്ത അധിഷ്ഠിതമായി നടപ്പിലാക്കുന്ന പദ്ധതി സംബന്ധിച്ച് വിപുലമായ രൂപരേഖ തയ്യാറാക്കിവരികയാണ്. |
| (സി) | ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമിയും വീടും അനുവദിക്കുന്ന പദ്ധതിയിൽ കൈവരിച്ച നേട്ടം അറിയിക്കാമോ? | (സി) | ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം 4020-ഉം, 2022-23 സാമ്പത്തിക വർഷം (31.12.2022 വരെ) 2679-ഉം പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്.<br><br>നിലവിൽ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നത് ലൈഫ് മിഷൻ മുഖേനയാണ്. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വകുപ്പ് ഭൂമി അനുവദിക്കുന്നതിന് പുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരവും ഭൂമി അനുവദിക്കുന്നുണ്ട്. ഇപ്രകാരം ഭൂമി ആർജ്ജിക്കുന്നവർക്ക് ലൈഫ് മിഷൻ മൂന്നാം ഘട്ടം പ്രകാരം വീട് അനുവദിക്കുന്നുണ്ട്.<br><br>ലൈഫ് മിഷൻ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട് ഭൂമി ആർജ്ജിച്ച 6543 പേർക്ക് വീട് അനുവദിച്ചതിൽ 4362 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. ആയതിനുപുറമേ വകുപ്പ് നൽകിയ ലിസ്റ്റ് പ്രകാരം ഭൂമി ആർജ്ജിച്ചവരിൽ 1559 പേർക്ക് വീട് അനുവദിച്ചതിൽ 357 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആകെ മൂന്നാം ഘട്ടത്തിൽ 8102 പേർക്ക് വീട് അനുവദിക്കുകയും 4719 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ വനാവകാശ നിയമ പ്രകാരം അർഹരായവർക്ക് ഭൂമിയ്ക്ക് കൈവശാവകാശരേഖയും നൽകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 198 പേർക്ക് 38.01 ഏക്കർ ഭൂമിയും, നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 80 പേർക്ക് 15.20 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വനാവകാശ നിയമ പ്രകാരം 1369 പേർക്ക് 1699.04 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖയും നൽകിയിട്ടുണ്ട്. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കുന്ന പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ 256 പേരെ ഭവന നിർമ്മാണത്തിനുള്ള ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭൂമി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കിവരികയാണ്. |

സെക്ഷൻ ഓഫീസർ